
# S C G H S S KOTTAKKAL MALA



## LITTLE KITES UNIT

## PRESENTS.....






little KITEs

# ആശംസ

എസ് .സി. ജി. എച്ച്. എസ് .എസ് .കോട്ടക്കൽ ,മാള ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിനായ "വിരൽത്തുമ്പിൽ " .നല്ല രീതിയിൽ വിഭാവനം ചെയ്തിട്ടുള്ള ഈ സംരഭത്തിൽ പ്രവർത്തിച്ച ലിറ്റിൽ കൈറ്റ്സിലെ എല്ലാ അംഗങ്ങൾക്കും കൈറ്റ് മിസ്ട്രസിനും അഭിനന്ദനങ്ങൾ അറിയിക്കുന്നതോടൊപ്പം മറ്റ് കുട്ടികൾ ഇത് വായിച്ച് ഉൾകൊണ്ട് വരും വർഷങ്ങളിൽ ഇതിന്റെ പ്രവർത്തനങ്ങളിൽ പങ്കെടുക്കുവാൻ സജ്ജരാകട്ടെയെന്ന് ആശംസിക്കുന്നു.

ഹെഡ്മിസ്ട്രസ്സ്

സി.ഫ്ലവററ്റ്

വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകൾ പ്രവർത്തനമാരംഭിച്ച ലിറ്റിൽ കൈറ്റ്സ് കുട്ടികളെ IT സാങ്കേതികവിദ്യകളിലേക്ക് ആകർഷിക്കുന്നു എന്നും, അതിൽ മികവുള്ളവരാക്കി തീർക്കുന്നു എന്നതിലും യാതൊരു സംശയമില്ല. മലയാളം കമ്പ്യൂട്ടിങ്ങിന്റെ പ്രവർത്തന മികവായി കുട്ടികൾ തയ്യാറാക്കിയിരിക്കുന്ന ഈ ഡിജിറ്റൽ മാഗസിൻ നിങ്ങൾക്കു മുൻപിൽ

സമർപ്പിക്കുന്നു.

SITC
AZELU N MATHEWS

## സമർപ്പണം

അറിവിന്റെ അക്ഷരവെളിച്ചം ഞങ്ങൾക്കായി പകർന്നു
നൽകിയ സ്നേഹനിധിയായ ഗുരുക്കൻമാർക്കുവേണ്ടി.....

ഞങ്ങൾക്ക് പ്രചോദനവും കരുത്തുമേകി
കഠിനാധ്യാനം കൊണ്ട് വിജയം എന്ന ഒറ്റ ലക്ഷ്യം
ഞങ്ങൾക്ക് നുകർന്ന് നൽകിയ ഞങ്ങളുടെ
മാതാപിതാക്കൾക്ക് വേണ്ടി ....

സ്നേഹിച്ചും കലഹിച്ചും കലാലയമുറ്റത്ത്
പാറിപറന്ന സഹപാഠി സുഹൃത്തുക്കൾക്കു വേണ്ടി...

വളർന്നുവരുന്ന മനസ്സിലെ ചെറു ആശയങ്ങൾ
കുറിച്ചുക്കൊണ്ട്

സമർപ്പിക്കുന്നു

എഡിറ്റർ

# ചരിത്ര നാൾ

കാലഘട്ടത്തിന്റെ സ്പന്ദനങ്ങളും ആധുനിക വിദ്യാഭ്യാസരീതിയുടെസവിശേഷതകളും ഉൾക്കൊണ്ടുകൊണ്ട് ധർമ്മച്യുതിയും മൂല്യ ശോഷണവും വർധിച്ച വരുന്ന ഈ കാലഘട്ടത്തിൽ കുട്ടികൾക്ക് മൂല്യശിക്ഷണം നല്കാനുള്ള അവസരങ്ങൾ സൃഷ്ടിച്ച് മുന്നേറുന്ന മാള സൊക്കോർസൊ ഹൈസ്കൂളിന്റെ ചരിത്രത്തിലേക്ക് ഒരു എത്തി നോട്ടം .നിത്യവും സഹായിക്കുന്ന പരിശുദ്ധ അമ്മയുടെ നാമധേയത്താൽ സ്ഥാപിതമായ സൊക്കോർസൊ വിദ്യാലയം.**1949** ൽ ആരംഭിച്ചെങ്കിലും **1976** ൽ ആണ് ഹൈസ്കൂളായി ഉയർന്നത് **2000** ത്തിൽ ഹൈയർസെക്കണ്ടറി വിഭാഗവും പ്രവർത്ത നമാരംഭിച്ചു.കർമ്മലീത്ത സന്ന്യാസിനി സമൂഹത്തിന്റെ ഇരിഞ്ഞാലക്കുട പ്രവിശ്യക്ക് കീഴിലുള്ള ഈ വിദ്യാലയം ഇരിഞ്ഞാലക്കുട വിദ്യാഭ്യാസ ജില്ലയിൽ തന്നെ മുൻ നിരയിൽ നില്ക്കുന്നു.ഈ വിദ്യാലയത്തിന്റെ പ്രഥമ ഹെഡ് മിസ്ട്രസായിരുന്ന സിസ്റ്റർ ജാനറ്റ് എല്ലാ ബാലാരിഷ്ടതകളും ഉൾക്കൊ ണ്ടുകൊണ്ട് വിദ്യാലയത്തെ ഇന്നത്തെ നിലയിലെത്തിക്കാൻ ചെയ്ത നിസ്തുലവും ത്യാഗനിർഭരവുമായ കഠിനാധ്വാനം എന്നെന്നും സ്മരിക്കേണ്ടതാണ്. വിദ്യാലയ പരിസരത്തെ ജനങ്ങൾ പൊതുവെ ഇടത്തരം കർഷകത്തൊഴിലാളിക ളാണ്.പ്രത്യേക പ്രവേശന പരീക്ഷകളോ നിബന്ധനകളോ ജാതിമതവർഗ്ഗവർണവ്യത്യാസങ്ങളോ ഇല്ലാതെ ആഗ്രഹിക്കുന്ന എല്ലാവർക്കും പ്രവേശനം നല്കി എല്ലാവിഭാഗം വിദ്യാർത്ഥികളെയും വിജയത്തിലെത്തിക്കുന്നതിന്ന് അശ്രാന്തപരിശ്രമം ചെയ്യുന്നുവെന്നുള്ളതിന്റെ തെളിവാണ് ഈ വിദ്യാലയത്തിലെത്തിച്ചേർന്നിട്ടുള്ള റാങ്കുകൾ. പഠനത്തിലെന്നപോലെ പാഠ്യാനുബന്ധ പ്രവർത്തനങ്ങളിലും പാഠ്യേതരപ്രവർത്തനങ്ങളിലും ഈ വിദ്യാലയം മികവു പുലർത്തുന്നു. കലാ-കായിക-ശാസ്ത്ര-സാഹിത്യ-പ്രവർത്തിപരിചയമേളകളിൽ സംസ്ഥാന തലത്തിലും ശ്രദ്ധിക്കപ്പെടുന്ന വിദ്യാലയങ്ങളിലൊന്നാണിത്.

# ASSEMBLY



# ഈ വിദ്യാലയത്തെ നയിച്ച സാരഥികൾ

| പേരുകൾ | കാലഘട്ടം |
|---|---|
| സിസ്റ്റർ.മേരി.കെ.വി | 1976-1992 |
| സി.ലില്ലി.പി.കെ | 1992-1996 |
| സിസ്റ്റർ.ത്രേസ്യ.ഇ.കെ | 1996-1999 |
| സിസ്റ്റർ.അന്ന | 1999-2004 |
| സിസ്റ്റർ.അച്ചാമ്മ.എ.എൽ | 2004-2006 |
| ശ്രീമതി മറിയാമ്മ ജോസഫ് | 2006-2009 |
| സിസ്റ്റർ.കൊച്ചുത്രേസ്യ.ടി.ഐ | 2009-2015 |
| സിസ്റ്റർ ലില്ലി പോൾ പി | 2015-2019 |
| സിസ്റ്റർ ഫ്ളവററ്റ് | 2019 |

# നേട്ടങ്ങൾ

# SOLAR PANNEL






ഊർജ്ജ ഉത്പാദനത്തിലും ഉപയോഗത്തിലും മാതൃകയായി മാള സൊക്കോർസോ ഹൈസ്കൂൾ

മാള ഉപജില്ലാ തലത്തിൽ നടന്ന ശാസ്ത്ര- സാമൂഹ്യ ശാസ്ത്ര- ഐ.ടി-ഗണിത- പ്രവൃത്തി പരിചയമേളയിൽ സൊക്കോർസൊ ഹൈസ്കൂളിന് ഉന്നത വിജയം. ഹൈസ്കൂൾ വിഭാഗത്തിൽ ശാസ്ത്ര മേളക്കും ഐടി മേളക്കും ഒന്നാം സ്ഥാനവും പ്രവൃത്തി പരിചയമേള യിൽ രണ്ടാം സ്ഥാനവും ഗണിത ശാസ്ത്രമേളയിൽ മൂന്നാം സ്ഥാനവും യു .പി വിഭാഗത്തിൽ ഓവറോൾ രണ്ടാം സ്ഥാനവും കരസ്ഥമാക്കി.



2018-19 വർഷത്തിൽ സീനിയർ സ്കൗട്ട് ആൻഡ് ഗൈഡ് വിഭാഗവും
ബജാജ് കമ്പനിയും
സംയുക്തമായി സംഘടിപ്പിച്ച
'മരം ഒരു വരം' പദ്ധതിയുടെ ഭാഗമായി ഇരിഞ്ഞാലക്കട മേഖലയിലെ
16 വിദ്യാലയങ്ങൾക്ക് ഫലവൃക്ഷതൈകൾ നൽകിയതിൽ ഏറ്റവുമധികം തൈകൾ
പരിപാലിച്ചതിനുള്ള
പുരസ്കാരം എസ് സി ജി എച്ച് എസ് എസിലെ സൊക്കോർസൊ ഗൈഡിങ് കമ്പനിക്ക് ലഭിച്ചു.



## മാള ഉപജില്ലാ കലോൽസവം 2019

മാള വിദ്യഭ്യാസ ഉപജില്ല കലോത്സവത്തിൽ യുപി, എച്ച്എസ്, എച്ച്എസ്എസ് വിഭാഗങ്ങളിലായി 398 പോയിന്റും നേടി മാള സൊക്കോർസോ കോൺവന്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ ഓവറോൾ കിരീടം നേടി.



# ദിനാചരണങ്ങൾ

# YOGA DAY



# CLUB INAUGRATION





**നൈതികം** 2019- 2020 ഇന്ത്യൻ ഭരണഘടന രൂപീകൃതമായതിന്റെ എഴുപതാം വാർഷികാചരണത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾ തയ്യാറാക്കിയ സ്കൂൾ ഭരണഘടന വിദ്യാർത്ഥി പ്രതിനിധികൾ സോഷ്യൽ സയൻസ് HOD (sr.pavana)ക്ക് സമർപ്പിക്കുന്നു....









## !!! METS OUTREACH PROGRAMS 2019 !!!

സ്കൂൾ വിദ്യാർഥികൾക്കായി സംരംഭകത്വ ശില്പശാല സംഘടിപ്പിച്ചു.

കേരള സ്റ്റാർട്ടപ്പ് മിഷന്റെ സഹായത്തോടെ മെറ്റ്സ് എന്ജിനീറിങ് കോളേജിലെ ഇന്നോവഷൻ ആൻഡ് ഡെവലപ്മെന്റ് സെല്ലിന്റെ മേൽനോട്ടത്തിൽ വിവിധ സ്കൂളുകളിലെ



വിദ്യാർത്ഥികൾക്ക് വിവിധ വിഷയങ്ങളിൽ സൗജന്യ ശില്പശാലകൾ നടത്തി വരുന്നു... കുട്ടികളിൽ സ്വയംസംരംഭകത്വം വർധിപ്പിക്കുക, അവരെ സ്വയംപ്രാപ്തരാക്കുക എന്നീ ആശയങ്ങളെ മുൻനിർത്തിയാണ് വത്യസ്തമായ ഈ പരിപാടിക്ക് തുടക്കം കുറിച്ചിരിക്കുന്നത്...ഇതിന്റെ ഭാഗമായി മാള സോക്കോർസോ സ്കൂളിലെ 250 വിദ്യാർത്ഥികൾക്ക്





കോളേജ് ക്യാമ്പസിൽ വെച്ച് സംരംഭകത്വ ശില്പശാല സങ്കടിപ്പിച്ചു.(എൽ ഇ ഡി ബൾബ് നിർമാണം).. മെറ്റ്സ് എൻജിനീയറിങ് IEDC നോഡൽ ഓഫീസർ പ്രൊഫ. ജോബിൻ എം വി ശില്പശാലക്ക് നേതൃത്വം നൽകി...

## പരിസ്ഥിതി ദിനം

ജൂൺ 5 പരിസ്ഥിതി ദിനം. ഈ വർഷത്തെ പരിസ്ഥിതി ദിനത്തിൽ sr. Floweret ഒരു വൃക്ഷ

തൈ sr. Seena ക് (കാർമൽ കോളേജിൽ ബോട്ടണി വിഭാഗത്തിൽ അധ്യാപിക ) നൽകി പരിസ്ഥിതി ദിനാഘോഷം ഉദഘാടനം ചെയ്തു. കൂടാതെ sr.seena പരിസ്ഥിതി സംരക്ഷിക്കേണ്ട ആവശ്യകതയേ കുറിച്ച് കുട്ടികളെ ബോധ്യപ്പെടുത്തി. ടീച്ചേഴ്സിനും കുട്ടികൾക്കും ക്വിസ് മത്സരം നടത്തി വിജയികൾക്ക് സമ്മാനം നൽകുകയും . എല്ലാ കുട്ടികൾക്കും വൃക്ഷതൈ വിതരണം ചെയ്യുകയും ചെയ്തു.



# SCHOOL EXHIBITION













## മാള സൊക്കോർസൊ -വാർഷികാഘോഷം

.......................................

മാള സൊക്കോർസൊ ഹൈസ്കൂളിൽ വാർഷികാഘോഷം വർണ്ണാഭമായി നടന്നു. മാള ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ ഇ കേശവൻകുട്ടി ചടങ്ങ് ഉദ്ഘാടനം ചെയ്തു.ഉദയ പ്രൊവിൻഷ്യൽ സുപ്പീരിയർ ഡോ.സി.വിമല സി.എം.സി അധ്യക്ഷത വഹിച്ച ചടങ്ങിൽ ചാലക്കുടി എം.പി.ശ്രീ.ബെന്നി ബെഹനാൻ സാന്നിധ്യം കൊണ്ട് സമ്പന്നമാക്കി.







# ENGLISH FEST 2020








# YOUTH FESTIVAL













## അമ്മമാരും ഇനി ഹൈടെക്ക്


സൊക്കോർസൊ ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ കേരള വിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ലിറ്റിൽ കൈറ്റ്സ് ക്ലബ് ഒരുക്കുന്ന അമ്മമാർക്കുള്ള ഹൈ ടെക് പരിശീലന ക്ലാസ്സുകൾ സംഘടിപ്പിച്ചു..സ്കൂളിന്റെ സമഗ്ര വിവരങ്ങൾ ഉൾകൊള്ളുന്ന വെബ് സൈറ്റായ സമേത, സമഗ്ര, ക്യൂ ആർ കോഡ് റീഡർ, സ്ക്രീൻ കാസ്റ്റ് തുടങ്ങിയ കുട്ടികൾക്കും അമ്മമാർക്കും ഒരുപോലെ ഉപകാരപ്രദമായ വിവിധ മൊബൈൽ ആപ്പുകളാണ് അമ്മമാരെ പരിചയപ്പെടുത്തിയത്.ഹൈടെക് സ്കൂൾ പദ്ധതിയിലൂടെ വിദ്യാലയത്തിൽ വിന്യസിച്ചിട്ടുള്ള പ്രൊജക്ടർ ,ലാപ്പ്ടോപ്പ് തുടങ്ങിയ സ്മാർട്ട് റൂം ഉപകരണങ്ങൾ പ്രയോജനപ്പെടുത്തിയാണ് പരിശീലനം സജ്ജമാക്കിയത്.സ്കൂൾ ഐടി പ്രവർത്തനങ്ങൾക്ക് നേതൃത്യം നൽകുന്ന സി.എയ്ജൽ, അസലു, മേരി നമിത എന്നീ അദ്ധ്യാപകർ പരിശീലനത്തിന് നേതൃത്വം കൊടുത്തു.ലിറ്റിൽ കൈറ്റ്സ് മെമ്പർ കുമാരി മീര റോസ് നന്ദി പറഞ്ഞു.











### ഹിന്ദി ക്ലബിന്റെയും ലഹരിവിരുദ്ധ ക്ലബിന്റെയും എക്സൈസ് വിഭാഗത്തിന്റെയും നേതൃത്വത്തിൽ നടന്ന

## ഗാന്ധിജയന്തി ദിനാഘോഷ പരിപാടികൾ..











# ഓണഘോഷ നിമിഷങ്ങൾ
















# ARTICLES








Abhirami Dinesh X B






RESHMA VINCENT

DRAWINGS

# വണ്ട്

വണ്ടേ വണ്ടേ കരിവണ്ടേ
പൂന്തേനുണ്ടോ
പൂമ്പൊടിയുണ്ടാ
വണ്ടേവണ്ടേ കരിവണ്ടേ
ആരു നിനക്കീ നിറമേക്
ആരുനിനക്കീ നിലനൽകീ
വണ്ടേ വണ്ടേ കരിവണ്ടേ



നിവേദ്യ കെ.എസ്



# Importance of social media

Social media platforms help its users to connect, share and give information and content to millions of others. The importance of social cannot be ignored since it plays a very crucial role in our lives today.

1. Building a brand: quality content, products and services are easily accessible online today. You can market your product online and build a brand.
2. Customer support: before buying and product or service customers can read the reviews and feedback and hence make a smart choice.

3.Social media is a great education tool.

4. Through the use of social media plat forms you can connect with your target audience

5. It is also a great way to access quality information.

6.Social media can help you to get the news and happenings in just a click

7.Social media also help you connect with friends, relatives and help you make new friends as well.



# SOCIAL MEDIA QUOTES

- "An open Facebook page is simply a psychiatric dry erase board that screams, Look at me. I am insecure. I need your reaction to what I am doing, but you're not cool enough to be my friend. Therefore, I will just pray you see this because the approval of God is not all I need."
  ― Shannon L. Alder

- "There are many things of which a wise man might wish to be ignorant"
  ― Ralph Waldo Emerson

- It amazes me that we are all on Twitter and Facebook. By "we" I mean adults. We're adults, right? But emotionally we're a culture of seven-year-olds. Have you ever had that moment when are you updating your status and you realize that every status update is just a variation on a single request: "Would someone please acknowledge me?"
  ― Marc Maron

- "Meditation is the ultimate mobile device; you can use it anywhere, anytime, unobtrusively."
  ― Sharon Salzberg

# നമ്മുടെ കേരളം

നമ്മുടെ നാട് നാശത്തിലേക്കാണ് പോകുന്നത് "(God's Own Country" എന്നറിയപ്പെട്ടിരുന്ന നമ്മുടെ കേരളം ഇന്ന് *Dog's Own Country" ആയി മാറിയിരിക്കുന്നു. മൃഗങ്ങളെക്കാളും കഷ്ടത്തിലാണ് മനുഷ്യരുടെ ജീവിതാവസ്ഥ. സഹോദരൻമാർ തമ്മിൽ, അമ്മയും മക്കളും തമ്മിൽ ബന്ധുക്കൾ തമ്മിൽ ഏറ്റുമുട്ടൽ, വർഗീയ ലഹള അങ്ങനെയെല്ലാം കൂടിവരുന്ന ഈ നാട്ടിൽ നാം എങ്ങനെ ധൈര്യപൂർവ്വം 1 ജീവിക്കും ?സ്ത്രീകൾ സ്വയം പര്യാപ്തത നേടിയെങ്കിലും സ്ത്രീകളോടുള്ള ചൂഷണം വർദ്ധിച്ചുവരുന്നു. പിഞ്ചുപെൺകുഞ്ഞുങ്ങളെപ്പോലും വെറുതെ വിടാത്ത കാലം.അച്ഛനെയും, അമ്മയെയും, മറ്റു ബന്ധുക്കളെയും വിശ്വസിക്കാൻ പറ്റാത്തകാലം, പണത്തിനുവേണ്ടി സ്വന്തം കുഞ്ഞുങ്ങളെ പോലും വിൽക്കാനൊരുങ്ങുന്നഅമ്മമാർ. അങ്ങനെ മാതൃത്വം പോലും വിൽക്കപ്പെടുന്നൊരു കാലഘട്ടമാണിന്നുകാണുന്നത്. എന്നാണ് നമ്മുടെ നാട്, ചുറ്റുമുള്ള ആളുകൾ നന്നാവുക.? ഗർഭപാതത്തിലുള്ളത് പെൺകുഞ്ഞുങ്ങളാണെന്നറിഞ്ഞാൽ അവരെ നശിപ്പിച്ചു കളയുകയോ നിവർത്തിയുള്ളൂ, എന്നുപോലും ചില അമ്മമാർ ചിന്തിച്ച് പോകുന്നു.ഈ പ്രവണതയ്ക്ക് മാറ്റം വന്നേ മതിയാകൂ. പെൺകുഞ്ഞുങ്ങൾ സമൂഹത്തിന്റെ,മാധ്യമങ്ങളുടെ ചൂഷണങ്ങളിൽ നിന്ന് മുക്തരാകണം. സ്ത്രീ ശാക്തീകരണപ്രവർത്തനങ്ങളിൽ ഒരുമയോടെ നമുക്ക് കൈ കോർക്കാം.

രാജേശ്വരി ആർ. ശർമ

# പൂമ്പാറ്റ

പൂമ്പാറ്റ പൂമ്പാറ്റ
പാറിപ്പാറി വന്നാട്ടേ
പാറിപ്പാറി വരുമ്പോൾ
നിന്റെ ചങ്ങാതികളെ കൂട്ടിക്കോ
പൂവു തരാം ഞാൻ
തേനു തരാം ഞാൻ
പാറിപ്പാറി വന്നാട്ടേ !

സഫ എസ്. എ

VD

## *Influence of social media on students*

social media is impacting students positively and negatively. positive practices of social media increases students social intelligence and understanding of human behaviours. Negative practices of social media, Make them materialistic, angry and addicted to too many bad things. but its not the problem , created by social networking websites. but problems arise when we use it without analysing what we are doing and what will be its impact on us. our family. society, and country. that's why social media not only a great tool for personal development but it is also a tool for personal and social destruction.So, I think its really important to educate students about the best practice of social media in the schools so that they can get the benefits of communication applications and technologies for their career and personal development.

# *Negative effects of social media*

Many psychiatrists believe that social media is a single most factor causing depression media can lead to poor sleeping patterns. There are many other negative effects to social media such as cyber bullying, sleep depression, lower self esteem, social isolation, poor concentration, decreased activity. Nowadays the cancer centre is filled by young students. It is said by the doctor that it is due to the over use of electronic gadgets.

## Remedies for Negative effects of social media

- schedule specific times to check social media
- put your phone on silent
- take a break from social media or limit the number of use of it

Technology can effect both positively and negatively . New technology always changes our life very much and takes it to a new level. It is like the new way of thinking or doing the normal things differently, better and much more faster with less hassle .

# മഴ

മഴ നനഞ്ഞൊരെൻബാല്യം
ജീവിതം മൊട്ടിട്ടുലർന്നാർത്ത്
പെരുകുമോരോ മഴക്കും പിന്നെ
എവിടെയോ പോയൊളിക്കും
കാശി തുമ്പകൾ അല്ലേ നമ്മൾ
മഴ വരുനേരമാർത്ത്വിളിച്ചത്.
നനഞ്ഞൊരെൻബാല്യം
ഒക്കെകണ്ടാരുചിരിയിലാർത്ത് നിൽക്കുന്നെൻ
തേൻമ്മാവു മുത്തശ്ശി പഴങ്ങൾ എന്നെ
ഒരുപാടു സൽക്കരിച്ചിരുന്നു.

അൻസാഫ് ഇസ്മായിൽ

# നാനാർത്ഥം

ആനക്കൊമ്പൻ കരിയാണ്

നിലമുഴുകുന്നതും കരിയാണോ

വാർത്തകളറിയാൻ പ്രതങ്ങൾ

പറക്കാൻ വേണ്ടതും പ്രതങ്ങൾ

നെല്ല് വറുത്താൽ മലരാണോ

എല്ലാ പൂവും മലരാണോ

താലോലമാട്ടാൻ സ്നേഹത്താൽ

ദീപം തെളിവതും സ്നേഹത്താൽ

ചോറാകുന്നത് അരിയാണോ

എതിർത്തു നില്പവനരിയാണോ

ധനത്തിനു മറുപേർ അർത്ഥം താൻ

സാരമതെന്നതും അർത്ഥം താൻ


അർത്ഥം അർത്ഥം നാനർത്ഥം


അറിയുക, വാക്കിനർത്ഥങ്ങൾ

അബ്ഷയ ഷാജു

VIIC

# MASS MEDIA


Positive Impacts
A Watchdog on Government
Voice of poor is heard through media
A trump card for Common man
About to bring a revolution
Succeeded with RTI
The Anna Hazare campaign
Mirror of Society
Help keeping things in control
Show people what they actually do and what they must do
A window to the World
A hub of information
Can teach much effectively
Social Networking


Mass Media Negative Effects
Elizabeth Juarez
Rebeca Vega Torres
Miguel Angel Rosales
Ya-Chu Chang
MASS MEDIA
PRESS
INTERNET


MASS MEDIA




MASS MEDIA
NEWS

# മാധ്യമവും ഭാരതപുരോഗതിയും

നമ്മുടെ ഭാരതത്തിൽ ഇന്ന് മാധ്യമങ്ങൾ കൂടികൂടി വരുകയാണ്. സമൂഹത്തിൻെ എല്ലാ തലങ്ങളിലും മാധ്യമങ്ങൾക്ക് ഒരു അതുല്യ സ്ഥാനമാണുള്ളത്. ഭാരത്തിന്റെ പുരോഗതിക്കൾക്കെല്ലാം മാധ്യമങ്ങളും ഒരു പങ്കവഹിച്ച സമൂഹത്തിന്റെ എല്ലാ അനീതികൾക്കും നീതി ഉറപ്പാക്കികൊടുകുന്നതിൽ മാധ്യമങ്ങളെ പകീർ ത്തിക്കേണ്ടിരിക്കുന്നു.ഇന്ന് നടക്കുന്ന സാമൂഹിക പ്രശനങ്ങളെ ഏറ്റെടുത്ത അതിനു ന്യായമായ നിതീയും അല്ലെങ്കിൽ ശിഷയും മാധ്യമങ്ങൾ വാങ്ങിച്ചുകൊടുക്കറുണ്ട്.സമൂഹത്തിലെ പ്രധാന വിഷയങ്ങളും മറ്റു പ്രധാന അറിയിപ്പുകളും മറ്റുള്ളവരെ അറിയിക്കാൻ പല മാധ്യമങ്ങളും ജനങ്ങളെ സഹായി ക്കുന്നുണ്ട്. പക്ഷേ ചില തെറ്റായ നിർദേശങ്ങൾ ഈ മാധ്യമത്തിലൂടെ പ്രചരിപ്പിക്കുന്നുണ്ട്. മാധ്യമങ്ങൾ പല തരത്തിലുണ്ട്. പത്രങ്ങൾ, വാർത്താചാനലുകൾ, വാട്ട്സാപ്പ് , ഫെയ്സ്ബുക്ക്,തുടങ്ങിയവയാണ് സമൂഹത്തിലെ പ്രധാന മാധ്യമങ്ങൾ.ഇന്നത്തെ കാലത്ത് മാധ്യമങ്ങളുടെ ഉപയോഗം മനുഷ്യരുടെ ജീവിതശൈലികളിൽ നിന്ന് ഒഴിവാക്കനാവത്തതാണ്.

കരീന

IX D

# തിരുത്ത്

ആഗ്രഹത്തിൻ മായകൾ

കാഴ്ച നൽകിയ കണ്ണികളിൽ

രീരാകളുടെ തീക്കനൽ

താരാട്ടുപാടിയ കൈകളെ വലിച്ചെറിഞ്ഞു

രനാഥത്തിന്റെ വഴിയോരങ്ങളിൽ

നന്മ പകരമായി അസൂയയും

സ്നേഹത്തിന് പകരമായി വഞ്ചനയും

രിമർത്താടുന്ന തെരുവകൾ

ലോകമെന്ന തറവാട് മുന്നേറിക്കുന്ന

ഭൂമിയെന്നമ്മതൻ ഒരു നാം കഴിക്കാഎൽസ

മരിയ എ. ജെ

*VII B*

# പുതുമ

പെയ്തിട്ടും പെയ്തിട്ടും

പേമാരിക്കരിമുകിലെ നീ നിന്നു

ചിണുങ്ങുന്നു. നീയെന്റെ നാട്ടിടവഴിയിൽ

നിന്നു പതുങ്ങുന്നു.

നീയെൻ പുരയുടെ മുകളിൽ

താളമടിക്കുന്നത്

നീ പരതിത്തെങ്ങോലകളുടെ

താങ്ങുലയ്ക്കുന്നത്

നീയുന്നിത്തളിർമാവുകളുടെ

പീലി കൊഴിക്കുന്നു

നീയിനിയും പെയ്യാൻ നിന്നാൽ

മാരിക്കരിമുകിലെ

ഞാനങ്ങനെ പോകും പറയു

പള്ളിക്കൂടത്തിൽ-

അഷ് ഫാത്തിമ പി.ഐ

# SOCIAL MEDIA

social media are interactive computer mediated technologies that facilitate the creation and sharing of information ideas career interest and other forms of expressions via virtual communities and networks. Social media are interactive web 2.0 internet based application.

the importance of social media for making your business more powerful, brand loyalty and customer satisfaction both play a major role, but it all comes down to communication. When customer see your company posting on social media,

especially replying to their queries and posting original content, it help them to build a positive image in their minds. Social media refers to means of interactions among people in which they create, share and for exchange information and ideas in virtual communities and networks. The office of communications and

Marketing manage. The main twitter,

snap chat .....

# പ്രളയം കഴിയാൻ

മനുഷ്യമനസ്സിലെ ഭീതിയാം ഒരു വർഷം
നിഴലായ് ജ്വലിക്കുന്നു മുന്നിൽ
കാലത്തിൻ ഇതളുകൾ മഴയായി
പെയ്യുമ്പോൾ
അകലുന്നു സ്വപ്നങ്ങൾ നീളെ
ഉറ്റവർ ഉടയവർ ആരോരുമില്ലാതെ
ഇടറുന്നു നിൻസ്വരം ചാരെ
അധരത്തിൽ നിൻ സ്വരം ജ്വലമായി
ഒഴുകുമ്പോൾ
വിടവാങ്ങി നീ അങ്ങുദൂരെ

ഹിബ് ഫാത്തിമ

VIA.

## മഴ

കെട്ടുന്നു മേഘങ്ങൾ മേലെ
പൊഴിയുന്നു തുള്ളിയായ് മണ്ണിലേക്ക്
തുള്ളിക്ക് പറയാനുണ്ട് കഥകളേറെ
വേദനയോ, സന്തോഷമോ,;
പറയാനൊരാളല്ലോ.....അതുമതി.
ഒത്തുചേരുന്നു ഒരുനാൾ
മഴയായ് പൊഴിയുന്നു മണ്ണിലേക്ക് ഒന്നായ്

നിരഞ്ജന ദിലീപ്

# Positive effects of social media

*Social media allows the social growth of the society and also helps many business. It provides tools like social media marketing that can reach a millions of potential clients. We can easily access information and get news through social media. Social media is a great tool for creating awareness about any social cause. Employers can reach out to potential job seekers. It can help many an individuals to have social growth and i nteraction with the world without having any hitch. Many people use social media to make themselves heard to the higher authorities it can also help you meet like minded people. Social media plays a big role in our lives today. We have the access to any kind of information as just a button push away.Anything that is so vastly expanded has both positives and negatives related to it. The power of social media is very high and has it effects on each individual. It is difficult to imagine our lives with social media today and we do pay a price for excessive use.*



# Social media is a lie

*- poem*

What a pretty holiday
I wish that I had gone
But did you know that all they did
was post it on their phones?
What amazing friends they have
I wish that I had more
but actually these people have just met
and are a bore
What a funny club night
I feel left out again
Well maybe its another way
to drown out all the pain
What a lovely boyfriend
He bought her lovely gifts
but do you know that hes repaying
her for all his sins?
Pretty pretty wedding pictures
for everyone to see
did you know he sometimes
"accidentally" makes her bleed
happy shopping family
filling up a cart
did you know the parents
can't grow love in their hearts?
Happy, smiling faces
I wonder what they've seen
and why they have to force a smile
on pictures on this screen
Lovely posing woman
why do you hold your breath?
How many pictures did it take
to make you look your best?
Is it worth it? Is it needed?
to get approval from your 'friends'?
Are we worthy? Are we needed?
does it matter end?

# കമ്പ്യൂട്ടറും ഇന്നത്തെ ലോകവും

മനുഷ്യന്റെ കണ്ടുപിടുത്തങ്ങളിൽ ഏറ്റവും മഹത്തായതാണ് കമ്പ്യൂട്ടറിന്റെ കണ്ടുപിടുത്തം. ഇന്ന് കമ്പ്യൂട്ടറിന്റെ സ്വാധീനമില്ലാത്ത ഒരു മേഖലപോലുമില്ല. കാലാവസ്ഥപ്രവചനം,ബഹിരാകാശ പേടകങ്ങളുടെ നിയന്ത്രണം തുടങ്ങി ഒട്ടേറെ പ്രവർത്തനങ്ങൾക്ക് കമ്പ്യൂട്ടർ ഉപയോഗിക്കുന്നു.ഇലകട്രോണിക് യാന്ത്രിക ഘടകങ്ങൾ കൂട്ടിച്ചേർന്ന ഒരു ഉപകരണമാണ് കമ്പ്യൂട്ടർ. ആദ്യ കാലഘട്ടങ്ങളിൽ കമ്പ്യൂട്ടർ വളരെ വലുതായിരുന്നു. എന്നാൽ ഇന്നത്തെ കമ്പ്യൂട്ടറിൽ സംഭവിച്ച മാറ്റങ്ങൾ നിരവധിയാണ്. CPU,കിബോർഡ് പോലെയുള്ള ഉപകരണങ്ങളിലും നിന്നും വിവരങ്ങൾ സ്വീകരിച്ച് പ്രക്രിയ ചെയ്ത് മോണിറ്റർ സ്ക്രീനിൽ ഔട്ട് പുട്ടായോ അല്ലെങ്കിൽ പ്രിന്ററിൽ നിന്നോ പ്രന്ററിൽ നിന്നോ പ്രിന്റ് ഔട്ട് ആയോ നൽകുന്നു.10 ദശലക്ഷം കമ്പ്യൂട്ടറുകളോളം ലോകം മുഴവൻ സഹകരിച്ച് പ്രവർത്തിക്കുന്ന ഒരു നെറ്റ് വർക്ക് ആണ് ഇന്റർനെറ്റ്. ഇന്ന് ഇലക്ട്രോണിക് വ്യാപാരം, ഇ-മെയിൽ, തുടങ്ങിയ പല മേഖലകളിലും കമ്പ്യൂട്ടർ ഉപയോഗിക്കുന്നു. കൃത്രിമ ബുദ്ധി ആണ് ഇന്നത്തെ കമ്പ്യൂട്ടർ മേഖലയിലെ ഗവേഷണത്തിൽ ഏറ്റവും മെച്ചപ്പെട്ട നേട്ടം. ഇത് ചിന്തിക്കുന്ന ഒരു ഉപകരണത്തെ സാധ്യമാക്കുന്നു.

നിരഞ്ജന ദിലിപ്

IX A

# മൊബൈലും ഇന്നത്തെ ലോകവും

അനാവശ്യ വസ്തു എന്ന് ഒരു കാലത്ത് വിലയിരുത്തിപ്പെട്ടിരുന്ന മൊബൈൽ ഫോണുകൾ ഇന്ന് അത്യാവശ്യ വസ്തുക്കളും പട്ടികയിൽ സ്ഥാനം പിടിച്ചു കഴിഞ്ഞു. ചില

സന്ദർഭങ്ങളിലെങ്കിലും ഏറെ ഉപകാരപ്രദമായ ഈ ഉപകരണം നമ്മുടെ കുട്ടികൾക്കിടയിൽ ഉണ്ടാകുന്ന സ്വാധീനം ചെറുതല്ല. കൂട്ടുകാരുടെയൊപ്പം കളിച്ചും മരത്തിൽ കയറിയും പൂമ്പാറ്റകളെ പിടിച്ചും നടക്കുന്ന ഒരു ബാല്യകാലം നമ്മുടെ കുട്ടികളിൽ അന്യയായിരിക്കുന്നു. പകരം ഇന്ന് വൈകുന്നേരങ്ങളിൽ കുട്ടികളുടെ കളിസ്ഥലത്തേക്കു നോക്കു. മൊബൈലിൽ

ഒറ്റക്കിരുന്നു സംസാരിക്കുന്ന കുട്ടികൾ, വിവിധ

മോബൈൽ കമ്പനികളുടെ  എസ്. എം. എസ് ചെയ്യുന്നവർ, വീഡിയോകളും ഓഡിയോകളും ആസ്വദിക്കുന്നവർ.. അങ്ങനെ മൊബൈൽ ഉപഭോഗത്തിന്റെ നല്ലതും ചീത്തയുമായ എല്ലാ വിഭാഗങ്ങളിൽപ്പെട്ടവരെയും നമ്മുക്ക് ചുറ്റും എവിടെയും കാണാം. കുട്ടികളിൽ നിന്ന് കുട്ടിത്തം അകലുന്നതിൽ കുറ്റപ്പെടുത്തുമ്പോൾ അതിനു കാരണങ്ങളിൽ ഒന്നായ മൊബൈൽ ഫോണിനെ കുറ്റം പറയുമ്പോൾ അതിലേക്ക് തള്ളി വിടുന്ന മാതാപിതാക്കളെ വിസ്മരിച്ചു

കൂടാ. മുതർന്നവരെയാണല്ലോ കുട്ടികൾ

മാതൃകയാക്കുന്നത്

കേരളത്തെ ഞെട്ടിച്ചു കൊണ്ടിരിക്കുന്ന

# Positive effects of social media

*Social media basically means any human communication or sharing information on internet that occurs through media now becoming one of the largest means of communication and is gaining popularly rapidly. Social media enables you to share ideas, content, information and news etc. a much faster speed.*

*we live in a time and age where information is just as a button press away. We are swayed by information al around us. We millennials want to know, read, understand and then speak our minds about it. That is where social media comes into play. social media is one of the biggest elements that we live with and cannot ignore it.*

*Social media plays a big in our lives today. We have the access to any kind of information at just a button push away. Anything that is so vastly expanded has both positives and negatives related to it. The power of social media is very high and has its effects on each individual it is difficult to imagine our lives with social media today and are do pay a prince for excessive use. There is a l ot of debate about the effects of social media on the society as a whole. Some feel that it's a boons whereas other feels that it is a curse.*

Dinsha A.D

# Mass Media

*Mass media are tools for the transfer of information, concept and ideas to both general and specific audience. They are important tools in advancing public health goals communicating about through mass media is complex however, and challenges professionals in diverse disciplines. In an article in the journal of health communication, Liana Winett and Lawrence Wallack wrote that using the mass media to improve public health can be like navigating a vast network of roads without any street signs.The mass media are capable of facilitating short term, intermediate term and long term effects on audience. Short term objectives include exposing audiences to health concepts; creating awareness and knowledge altering outdated or incorrect knowledge; and enhancing audience recall of particular advertisements or public service announcements. Mass media performs three key functions; educating, shaping, public relations, and advocating for a particular policy or point of view. As education tools, media not only impart knowledge, but can be part larger efforts to promote actions having social utility. As public relation tools, media asis.*

*NANDITHA M.R*

*IX A*


Happy Friendship Day
Childhood friendship is the most beautiful memory that can never be replaced.
I'm not alone.
I have my FRIENDS
No matter WHERE they are from!
FRIENDSHIP
FRIENDS
FRIENDS forever
F : Field of love
R : Root of joy
I : Island of GOD
E : End of sorrow
N : name of hope
D : door of understanding
GOOD TIMES + CRAZY FRIENDS = AMAZING MEMORIES
FRIENDS
HAPPY Friendship Day
Women's friendships are like a renewable source of power.
Jane Fonda
HAPPY FRIENDSHIP DAY
Reconcile best friend spell




little KITEs